(ബി) പ്രവർത്തന മൂലധനമില്ലാത്തതിനാൽ പ്രസ്തുത കമ്പനിയിൽ ഈ സാമ്പത്തിക വർഷം പ്രൊഡക്ഷൻ കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കുറഞ്ഞിട്ടുണ്ടെങ്കിൽ പ്രവർത്തന മൂലധനം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിന്റെ (സെയിൽ - എസ്.സി.എൽ. കേരള ലിമിറ്റഡ്) 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിലെ നഷ്ടം ചുവടെ ചേർക്കുന്നു :

Company	2010-11	2011-12	2012-13
SAIL-SCL Kerala Ltd.	-837.56	-471.38	-326.79

(ബി&സി) പ്രവർത്തന മൂലധനത്തിന്റെ അഭാവവും ഉൽപ്പാദനച്ചെലവ് സ്റ്റീൽ ബില്ലറ്റ്സിന്റെ കമ്പോളവിലയേക്കാൾ വർദ്ധിച്ചതു കൊണ്ടും 2014 ഒക്ടോബർ മുതൽ ഉൽപ്പാദനം താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. റോളിംഗ് മില്ലിന്റെ വ്യവസായിക അടിസ്ഥാനത്തിലുള്ള ഉൽപ്പാദനം 2015 ഏപ്രിൽ മാസത്തോടുകൂടി ആരംഭിക്കുന്നതിനുള്ള പ്രവർത്തനം അവസാന ഘട്ടത്തിലാണ്. ഈ സാമ്പത്തിക വർഷം കേരള സർക്കാരും സെയിലും സംയുക്തമായി കമ്പനിക്ക് അനുവദിച്ച 703 ലക്ഷം രൂപയിൽ 476 ലക്ഷം രൂപ പ്രവർത്തന മൂലധനമായിട്ടാണ് നൽകിയിട്ടുള്ളത്.

കാസർഗോഡ് മണ്ഡലത്തിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ

285 (634) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് മണ്ഡലത്തിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എതെല്ലാം മേഖലകളിൽ ; വിശദവിവരം നൽകാമോ ;

(ബി) ഇല്ലെങ്കിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യതകളെ കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദ വിവരം നൽകാമോ ;

(സി) കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര ; മറ്റുള്ളവ എത്ര ?

LIBRARY ARCHIVES, Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെ കാസർഗോഡ് മലബാർ ഇസ്പാറ്റ് ലിമിറ്റഡ് എന്ന സ്റ്റീൽ റീ-റോളിംഗ് കമ്പനി ആരംഭിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ മുതൽമുടക്ക് 19.22 കോടി രൂപയാണ്. ഇതു കൂടാതെ, വാളയാർ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കണക്ക് പ്രകാരം കാസർഗോഡ് നിയമസഭാ മണ്ഡലത്തിൽപ്പെട്ട വിവിധ പഞ്ചായത്തുകളിൽ 504 സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു :

മരാധിഷ്ഠിതം	-	80
തുണിത്തരം	-	27
റബ്ബർ	-	28
ഭക്ഷ്യമേഖല	-	32
നിർമ്മാണ മേഖല	-	132
സർവ്വീസ് മേഖല	-	205
ആകെ	-	504

(ബി) കാസർഗോഡ് ചീമേനിയിൽ വാതകം ഉപയോഗിച്ചുള്ള വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. പഠനം നടത്തിയിരുന്നു. ഇതിന്റെ തുടർനടപടികൾ നടന്നു കൊണ്ടിരിക്കുന്നു. പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിലേക്കായി സാദ്ധ്യതാ പഠനത്തിന്റെ ഭാഗമായി പൊട്ടൻഷ്യൽ സർവ്വേ ബ്ലോക്കടിസ്ഥാനത്തിൽ നടത്തുകയുണ്ടായി. അതിനെ അടിസ്ഥാനപ്പെടുത്തി സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ എച്ച്.എ.എൽ. ലാഭത്തിലും, മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കെ.ഇ.എൽ-ബി.എച്ച്.ഇ.എൽ. നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly